 ഡോ. ഹേമമാലിനി എം

# ശാസ്ത്രസാഹിത്യവും മലയാളവും

**പ്രത്യക്ഷമായോ പരോക്ഷമായോ ശാസ്ത്രബോധത്തെ ഉൾക്കൊള്ളിച്ചുള്ള ഒരന്വേഷണമാണ് ഡോ. കാവുമ്പായി ബാലകൃഷ്ണന്റെ 'മലയാള ശാസ്ത്ര സാഹിത്യ പ്രസ്ഥാനം – ഒരു പഠനം' എന്ന ഗ്രന്ഥം. മലയാളത്തിലെ ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുകയും വിമർശനാത്മകമായി അപഗ്രഥിക്കുകയും ചെയ്യുന്ന ഈ കൃതി ശാസ്ത്രസാഹിത്യത്തിന്റെ പ്രാധാന്യത്തിലേക്കും പ്രസക്തിയിലേക്കുമാണ് ശ്രദ്ധ ക്ഷണിക്കുന്നത്.**

ശാസ്ത്രത്തെ കവിതയുടെ വിപരീതമായി അടയാളപ്പെടുത്തി സർഗാത്മകതയുടെ വിരുദ്ധധ്രുവത്തിൽ സ്ഥാപിക്കുന്നതാണ് സാധാരണ ശീലം. ശാസ്ത്രകാരനും സാഹിത്യകാരനും തമ്മിൽ സന്ധിക്കുന്ന ഒരിടത്തെക്കുറിച്ചുള്ള സങ്കൽപ്പനം തന്നെ ആ ശീലം അസാധ്യമാക്കുന്നു. "സങ്കല്പങ്ങളെ അവയെത്ര മോഹനങ്ങളായിരുന്നാലും അനിയന്ത്രിതമായി പിൻതുടരുവാൻ ശാസ്ത്രീയമായ സത്യബോധം എന്നെ അനുവദിക്കാറില്ല" എന്ന് തന്റെ ശാസ്ത്രബോധം ഭാവനയുടെ സർവതന്ത്ര സ്വതന്ത്രമായ വിഹാരത്തിന് വിഘാതമാകുന്നതിനെക്കുറിച്ച് വൈലോപ്പിള്ളി പറയുന്നുണ്ടെങ്കിലും യുക്തിയുടെയും ഭാവനയുടെയും സുമനോഹര സങ്കൽപ്പനങ്ങളായ വൈലോപ്പിള്ളിക്കവിതകളുടെ വായനാനുഭവങ്ങൾ മറിച്ചാണ്. പ്രത്യക്ഷമായോ പരോക്ഷമായോ ശാസ്ത്രബോധത്തെ ഉൾക്കൊള്ളിച്ചുള്ള ഒരന്വേഷണമാണ് ഡോ. കാവുമ്പായി ബാലകൃഷ്ണന്റെ "മലയാള ശാസ്ത്രസാഹിത്യ പ്രസ്ഥാനം – ഒരു പഠനം" എന്ന ഗ്രന്ഥം. മലയാളത്തിലെ ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുകയും വിമർശനാത്മകമായി അപഗ്രഥിക്കുകയും ചെയ്യുന്ന ഈ കൃതി ശാസ്ത്രസാഹിത്യത്തിന്റെ പ്രാധാന്യത്തിലേക്കും പ്രസക്തിയിലേക്കുമാണ് ശ്രദ്ധ ക്ഷണിക്കുന്നത്.




**മലയാള ശാസ്ത്രസാഹിത്യ പ്രസ്ഥാനം – ഒരു പഠനം**
**ഡോ. കാവുമ്പായി ബാലകൃഷ്ണൻ**
**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**
വില: 120 രൂപ

ശാസ്ത്രം, സാഹിത്യം എന്നീ രണ്ടു പദങ്ങളെ വിശകലനം ചെയ്യുകയും വിശദീകരിക്കുകയും ചെയ്തുകൊണ്ടുള്ള ആരംഭം ഉള്ളടക്കത്തിന്റെ പ്രൗഢവും ഫലപ്രദവുമായ ഒരു ആമുഖക്കുറിപ്പുകൂടിയാകുന്നു. വിശകലന വിധേയമാക്കുന്ന സംഗതികളെക്കുറിച്ചുള്ള സുതാര്യവും സുവ്യക്തവുമായ ബോധ്യങ്ങൾ ഇതിൽനിന്നു വായിച്ചെടുക്കാം. നിത്യവ്യവഹാര പദമാണെങ്കിലും ശാസ്ത്രത്തിന് ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന സമഗ്രമായ നിർവചനം തുടർവായനക്ക് വെളിച്ചമായി നിൽക്കുന്നു.

ശാസ്ത്രവും സമൂഹവുമായുള്ള മാധ്യമമായാണ് സാഹിത്യം വ്യവഹരിക്കപ്പെടുന്നത്. ശാസ്ത്രബോധം സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ ഏതുവിധമാണ് മാറ്റിമറിക്കുന്നത് എന്നുള്ളത് ഗോർഡൻ ചൈൽഡ്, സ്വാമി രംഗനാഥാനന്ദ, സരയൂ പ്രസാദ് ഗുപ്ത എന്നിവരുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കുന്ന ലേഖകൻ ശാസ്ത്രം സമൂഹപാഠങ്ങൾക്ക് വിരുദ്ധമാകുന്ന അവസ്ഥകളെ ചൂണ്ടിക്കാണിച്ച് ''ജനങ്ങൾ ശാസ്ത്രത്തെപ്പറ്റി മനസ്സിലാക്കുകയും അതിന്റെ സമസ്ത സിദ്ധികളും സാധ്യതകളും തങ്ങളുടെ യോഗക്ഷേമത്തിനുവേണ്ടി ഉപയോഗപ്പെടുത്താനുള്ള കഴിവ് ആർജിക്കുകയും ചെയ്താലേ ഈ അവസ്ഥ മാറ്റാൻ പറ്റൂ'' എന്ന് ശാസ്ത്രവും സമൂഹവും തമ്മിൽ ഉണ്ടാവേണ്ട അനുരഞ്ജനത്തെ ഓർമിപ്പിക്കുന്നു.

ശാസ്ത്രസാഹിത്യത്തെ കാലഗണന അനുസരിച്ച് മൂന്നുഘട്ടങ്ങളായി തിരിച്ചാണ് പഠനം നിർവഹിച്ചിരിക്കുന്നത്. ഓരോ ഘട്ടത്തിലും ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളുടെ പേരുവിവരപ്പട്ടികയിൽ ഒതുക്കാതെ അവയുടെ പ്രസക്ത ഭാഗങ്ങളോ ആ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള നിരൂപണ മതമോ കൂടെച്ചേർത്തത് യുക്തിസഹമായി. ഓരോ ഘട്ടത്തിലും ശാസ്ത്രത്തെ സമൂഹവുമായി ഇഴചേർക്കാൻ ബോധപൂർവമോ അബോധപൂർവമോ നടത്തിയ എല്ലാ ശ്രമങ്ങളെയും വിട്ടുപോകാതെ കണ്ടെത്തുന്ന ലേഖകൻ ഓരോ ഘട്ടത്തിലേയും ശാസ്ത്രസാഹിത്യത്തിന്റെ പൊതു ലക്ഷ്യങ്ങളെ നിരീക്ഷിച്ച് അപഗ്രഥിക്കുന്നുമുണ്ട്.

ശാസ്ത്രഗ്രന്ഥങ്ങളുടെ വർഗീകരണത്തിന് പ്രതിപാദനമോ പ്രതിപാദ്യമോ അടിസ്ഥാനമാക്കാം എന്നിരിക്കേ പ്രതിപാദനത്തിന്റെ പക്ഷത്തുനിന്നുകൊണ്ട് അക്കാദമിക ശാസ്ത്രഗ്രന്ഥങ്ങൾ, സാമാന്യ ശാസ്ത്രഗ്രന്ഥങ്ങൾ, ബാലശാസ്ത്ര ഗ്രന്ഥങ്ങൾ,റഫറൻസ് ഗ്രന്ഥങ്ങൾ എന്നിങ്ങനെ വിഭജിച്ച് ഓരോ വിഭാഗത്തിലേയും ഗ്രന്ഥങ്ങളെ അവയുടെ ഭാഷയും ശൈലിയും മുൻനിർത്തി ഉദാഹരണ സഹിതം അപഗ്രഥിക്കുകയാണ് ചെയ്യുന്നത്.

ശാസ്ത്രത്തെ ഹൃദയപൂർവം സ്വീകരിച്ച മേഖല ബാലസാഹിത്യമാണ്. ഘടനയിലും പ്രതിപാദ്യ-പ്രതിപാദനങ്ങളിലും വൈവിധ്യവും വൈചിത്ര്യവും നിലനിർത്തി ബാലസാഹിത്യം എന്നും കുട്ടികളെ ശാസ്ത്രവുമായി അടുപ്പിക്കുന്നുണ്ട്. ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തിൽ ഈ വിഭാഗത്തിലെ

കൃതികൾക്ക് നൽകേണ്ട പരിഗണനയെ അതേ പ്രാധാന്യത്തോടെ ലേഖകൻ നിലനിർത്തിയിട്ടുണ്ട്. മാത്രമല്ല ബാലശാസ്ത്ര ഗ്രന്ഥങ്ങൾക്കു വേണ്ട ധർമങ്ങളെ അക്കമിട്ട് പറഞ്ഞുവെക്കുന്നുമുണ്ട്. റഫറൻസ് ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ അനുരൂപമായ സാങ്കേതിക പദങ്ങളുടെ അഭാവം ചൂണ്ടിക്കാണിച്ച് ഭാഷയുടെ അശക്തി പ്രഖ്യാപിച്ച് മറ്റു ഭാഷകളിൽത്തന്നെ അധ്യയനവും അധ്യാപനവും ഭരണവും തുടർന്നാൽ സാങ്കേതികപദങ്ങൾ ഉണ്ടാവില്ല എന്ന് ഓർമിപ്പിക്കുന്നു. ഈ തരത്തിൽ വർഗീകരണവും അപഗ്രഥനവും മാത്രമല്ല നിർദേശങ്ങളും സാധ്യമാക്കുന്നു എന്നതാണ് ബാലകൃഷ്ണന്റെ പുസ്തകത്തിന്റെ പ്രസക്തി. ഒരു ശാസ്ത്രഗ്രന്ഥത്തിന്റെ ലക്ഷ്യസാക്ഷാത്കാരത്തിന് അനുപേക്ഷണീയമായ ഗുണവിശേഷങ്ങളെ ഇതേ സന്ദർഭത്തിൽ നാലഞ്ചു വാക്യങ്ങളിൽ ഒതുക്കി വിവരിക്കുന്നുമുണ്ട്. ശാസ്ത്ര ഗ്രന്ഥങ്ങൾക്ക് അവശ്യം വേണമെന്ന് പറയുന്ന സൂക്ഷ്മതയും കൃത്യതയും ലേഖകൻ ഈ സന്ദർഭത്തിൽ പാലിച്ചിരിക്കുന്നു. ശാസ്ത്രഗ്രന്ഥരചനാ ഭാഷയെക്കുറിച്ചുള്ള ആധികാരികമായ നിർദേശങ്ങൾ ഇത്തരം ഗ്രന്ഥരചനകളിൽ ഏർപ്പെടുന്നവർക്ക് കൃത്യമായ ദിശാസൂചനകൾ നൽകുമെന്നുറപ്പാണ്.

മലയാളസാഹിത്യത്തിൽ ശാസ്ത്രത്തിന്റെ സ്വാധീനം ചർച്ചചെയ്യുന്ന ഭാഗത്തിനാണ് ഈ പുസ്തകത്തിൽ ഏറ്റവും ദൈർഘ്യമുള്ളത്. ശാസ്ത്രസ്വാധീനം എന്ന പദത്തിന്റെ വ്യാപ്തി വ്യക്തമാക്കി കഥയോ കവിതയോ നിരൂപണമോ എന്തുമാകട്ടെ ശാസ്ത്ര ദർശനങ്ങൾ എങ്ങനെയെല്ലാം അവയിൽ പ്രത്യക്ഷപ്പെടുന്നു എന്നാണ് പ്രധാനമായും അന്വേഷിക്കുന്നത്. ഭാഷാധ്യാപകനും ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തകനുമായ ലേഖകന്റെ സർഗാത്മകതയും നിരീക്ഷണബുദ്ധിയും ഈ ചർച്ചകളിൽ സമഞ്ജസമായി സംയോജിക്കുന്നു. കവിത, കഥ, നോവൽ, രംഗകലകൾ എന്നിങ്ങനെ കൃതികളുടെ വൈപുല്യക്രമത്തിലാണ് പഠനം നടത്തിയിരിക്കുന്നത്.

മലയാളത്തിൽ ജി ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, വയലാർ എന്നിവർ ശാസ്ത്രത്തെ തങ്ങളുടെ കവിതകളിൽ വിലയിപ്പിച്ചവരാണ്. ഈ കാവ്യ പാരമ്പര്യത്തിന്റെ വേരും വളർച്ചയും വളരെ വിശദമായിത്തന്നെ അന്വേഷിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. കവിതകളുടെ വിശദമായ പഠനത്തിൽനിന്ന് മലയാളത്തിൽ കവികൾ തീക്ഷ്ണമായി പ്രതികരിച്ചിട്ടുള്ളത് പരിസ്ഥിതി പ്രശ്നങ്ങളോടാണെന്ന് മനസ്സിലാക്കാം. ഇതര ശാസ്ത്രശാഖകളൊന്നും കവികളെ സ്വാധീനിക്കുന്ന രീതിയിൽ സാമൂഹികമാകുന്നില്ല എന്നുതന്നെയാണ് ലേഖകന്റെ അഭിപ്രായം. സാമാന്യം ദീർഘമായി ശാസ്ത്രസ്വാധീനം ഉള്ള കവിതകളെക്കുറിച്ച് ചർച്ച നടത്തുമ്പോൾത്തന്നെ തന്റെ നിരീക്ഷണങ്ങളും പഠനങ്ങളും സന്ദർഭാനുസാരിയാകാൻ ശ്രദ്ധിക്കുന്ന ഔചിത്യം പ്രത്യേകം പ്രസ്താവ്യമാണ്. പരാമർശിക്കുന്ന പ്രമേയങ്ങൾ കവിതയെന്ന രൂപത്തിൽ എങ്ങനെ ഇണങ്ങിനിൽക്കുന്നു എന്ന പരിശോധനയും അത്തരം പ്രമേയങ്ങൾക്കുള്ള പ്രസക്തിയുമാണ് ലേഖകൻ നടത്തുന്നതും അന്വേഷിക്കുന്നതും.

മലയാളത്തിൽ ശാസ്ത്രാവബോധമുള്ള കഥകൾ വിരളമാണ്. ഏതെല്ലാം രീതിയിലാണ് കഥകളിൽ ഈ സ്വാധീനം പ്രത്യക്ഷപ്പെടുന്നത് എന്നുള്ള കെ ജയചന്ദ്രന്റെ നിരീക്ഷണം ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രീതി അനുവർത്തിക്കുകയാണെങ്കിൽ ഈ വിഭാഗത്തിൽ വളരെയേറെ കഥകൾ ഉൾപ്പെടുത്തേണ്ടിവരും. അവയിൽ പലതും പ്രമേയ ഗൗരവത്തെ ചോർത്തിക്കളയുമെന്നതുകൊണ്ട് അത്തരം കൃതികളെ ഉൾപ്പെടുത്താത്തതിൽ ഔചിത്യമുണ്ടെങ്കിലും ഈ പ്രകരണത്തിലോ ഇതിനെത്തുടർന്നുള്ള നോവൽ ചർച്ചകളിലോ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ രചനകളെയെങ്കിലും പരാമർശിക്കാമായിരുന്നു. കഥകളുടെ വിഭാഗത്തിൽ എൻ പി മുഹമ്മദിന്റെയും സി രാധാകൃഷ്ണന്റെയും കൃതികളെ മാത്രമാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുന്നത്.

ശാസ്ത്രബോധത്തിന്റെ ജനകീയവൽക്കരണത്തോടൊപ്പം തന്നെ അതിന്റെ നൈതികതയതും നിലനിർത്തേണ്ടത് ആവശ്യമാണ്. ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യാനുള്ള ഊർജവും ഇടങ്ങളും സൃഷ്ടിക്കുന്നതിന് ഡോ. കാവുമ്പായി ബാലകൃഷ്ണന്റെ ഈ ഗ്രന്ഥം പ്രചോദനമാകുമെന്നതിന് സംശയമില്ല.

നവോത്ഥാന ആശയങ്ങളെ സാമാന്യജനങ്ങളിലെത്തിക്കാൻ അരങ്ങ് എന്നും ശക്തമായ ഒരു മാധ്യമം തന്നെയായിരുന്നു. ജനകീയ സമരങ്ങളുടെ ചരിത്രങ്ങളിൽ അരങ്ങിന്റെ സജീവമായ ഇടപെടലുകളുടെ ജ്വലനങ്ങളുണ്ട്. സാമൂഹിക മാറ്റങ്ങളെ അതേ കാലത്ത് അതേ തീവ്രതയോടെ ഏറ്റെടുത്ത അരങ്ങ് ശാസ്ത്രലോകത്തെ അതേപോലെ സ്വാംശീകരിച്ചിട്ടില്ല. ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളാണ് പുസ്തകങ്ങൾക്കുപുറത്ത് ശാസ്ത്രത്തെ ആവിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടത്തിയത്. ജനങ്ങളെ സമീപിക്കാനുള്ള ശക്തമായ മാധ്യമമായി തെരുവുനാടകങ്ങളുടെയും കലാജാഥകളുടെയും ഉണർച്ചകൾ ഉണ്ടായെങ്കിലും അവയും സാമൂഹിക പ്രശ്നങ്ങളെയാണ് അധികമായും കൈകാര്യം ചെയ്തത്.

മലയാളത്തിന് അത്രയേറെ പരിചിതമല്ലാത്ത ശാസ്ത്ര കൽപ്പിതകഥകളെക്കുറിച്ച് വ്യത്യസ്ത നിർവചനങ്ങളോടും ഇതരഭാഷകളിലെ ഉദാഹരണങ്ങളോടുംകൂടി പുസ്തകത്തിൽ വിശദമാക്കുന്നുണ്ട്. ശാസ്ത്ര വിജ്ഞാന സന്നിവേശവും അതിന്റെ പിൻബലത്തിൽ നടത്തുന്ന ഭാവനാത്മകമായ പ്രവചനങ്ങളുമാണ് ശാസ്ത്രകൽപ്പിത കഥകളെ മറ്റ് സാഹിത്യ രൂപങ്ങളിൽനിന്ന് വ്യതിരിക്തമാക്കുന്നത് എന്നാണ് ഗ്രന്ഥകാരൻ ഇവയെ പരിചയപ്പെടുത്തുന്നത്. ഈ വിഭാഗത്തിലുൾപ്പെടുത്താവുന്ന കഥകളെയും നോവലുകളയും നാടകങ്ങളെയും അവയുടെ പ്രമേയവിശദീകരണത്തോടെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലയാളത്തിൽ ശാസ്ത്രസാഹിത്യം ഇനിയും വളരേണ്ടതിന്റെ ആവശ്യകതയെ ഓർമിപ്പിച്ചുകൊണ്ടാണ് ഗ്രന്ഥം അവസാനിപ്പിക്കുന്നത്.

മലയാളത്തിൽ ധാരാളം സാഹിത്യചരിതഗ്രന്ഥങ്ങളും പ്രസ്ഥാന പഠനങ്ങളുമുണ്ട്. രൂപാധിഷ്ഠിതമല്ലാതെ പ്രമേയാധിഷ്ഠിതമായ ക്രോഡീകരണവും പഠനവും കൃതികളെ കൂടുതൽ ഗൗരവത്തോടെ സമീപിക്കാൻ സഹായിക്കും. മലയാളത്തിലെ ശാസ്ത്രസാഹിത്യശാഖയെ കൃത്യമായും സമഗ്രമായും പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം പലകാലത്തിൽ പലരൂപത്തിൽ ചിതറിക്കിടക്കുന്ന മലയാള ശാസ്ത്രസാഹിത്യകൃതികളെ ഒരു പഠനത്തിന് കീഴിലാക്കുമ്പോൾ ലഭിക്കുന്ന തിരിച്ചറിവുകൾ നമ്മുടെ ശാസ്ത്രാവബോധത്തെക്കുറിച്ച് നമുക്കുള്ള മിഥ്യാഭിമാനത്തിന്റെ അടിക്കല്ലുകളാണിളക്കുന്നത്. ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രതിപാദനത്തിനാവശ്യമായ കൃത്യതയും സമഗ്രതയും സുതാര്യതയും ആ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്ന ഈ കൃതിക്കുമുണ്ട്.

ശാസ്ത്രബോധത്തിന്റെ ജനകീയവൽക്കരണത്തോടൊപ്പം തന്നെ അതിന്റെ നൈതികതയതും നിലനിർത്തേണ്ടത് ആവശ്യമാണ്. ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യാനുള്ള ഊർജവും ഇടങ്ങളും സൃഷ്ടിക്കുന്നതിന് ഡോ. കാവുമ്പായി ബാലകൃഷ്ണന്റെ ഈ ഗ്രന്ഥം പ്രചോദനമാകുമെന്നതിന് സംശയമില്ല. ഏതുകാലത്തും മലയാളത്തിലെ ശാസ്ത്രസാഹിത്യപഠനങ്ങൾക്ക് ആധികാരികമായ ഒരു റഫറൻസ്ഗ്രന്ഥമായി "മലയാളശാസ്ത്രസാഹിത്യ പ്രസ്ഥാനം - ഒരു പഠനം" നിലകൊള്ളും. ■